പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3083

28.01.2014 ൽ മറുപടിക്ക്

**ഇന്ധന വിലനിലവാരവും നികുതിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. എസ്. സലീഖ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ നിലവിൽ വന്നപ്പോൾ മണ്ണെണ്ണയുടെ വില എത്രയായിരുന്നു; ആയത് ഇപ്പോൾ എത്ര; | (എ) | ഈ സർക്കാർ നിലവിൽ വന്നപ്പോൾ മണ്ണെണ്ണയുടെ വില ലിറ്ററിന് 12.30/- രൂപയായിരുന്നു. ഇപ്പോഴത്തെ വില ലിറ്ററിന് 17/17.50 രൂപയാണ്. |
| (ബി) | പ്രസ്തുത വർദ്ധനവിലൂടെ പെട്രോൾ, ഡീസൽ, മണ്ണെണ്ണ, ഗ്യാസ് എന്നിവയുടെ നികുതിയിനത്തിൽ 2011-12, 2012-13, 2013 ഡിസംബർ 31 വരെ സിവിൽ സപ്ലൈസ് വകുപ്പ് എത്ര തുക സർക്കാരിന് നൽകിയെന്ന് വ്യക്തമാക്കുമോ; | (ബി) | നികുതി സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നത് നികുതി വകുപ്പാണ്. |
| (സി) | ഗ്യാസ് സിലിണ്ടറുകൾ ലഭിക്കാൻ 'ആധാർ കാർഡ്' നിർബന്ധമാക്കിയതായി സംസ്ഥാന/കേന്ദ്രസർക്കാറുകൾ എന്തെങ്കിലും ഉത്തരവുകൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഇല്ല. എന്നാൽ ആധാർ നമ്പർ മുഖേന സബ്സിഡി ലഭ്യമാക്കുന്ന DBTL സമ്പ്രദായം നിലവിലുണ്ട്. |
| (ഡി) | ഇതു നടപ്പിലാക്കുന്നതുമൂലം സംസ്ഥാന/കേന്ദ്ര സർക്കാരുകൾക്ക് ലഭിക്കുന്ന വരുമാനം എത്ര; | (ഡി) | അർഹരായ ഉപഭോക്താക്കൾക്ക് സബ്സിഡി നല്കിയാണ് കേന്ദ്രം പാചക വാതകം ലഭ്യമാക്കുന്നത്. DBTL സമ്പ്രദായത്തിൽ ബാങ്ക് വഴി ഈടാക്കിക്കൊണ്ടിരുന്ന 5% വാറ്റ് തുക ഒഴിവാക്കാൻ സംസ്ഥാന സർക്കാർ തീരുമാനമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പത്തനംതിട്ട ജില്ലയിൽ നാളിതു വരെ സബ്സിഡി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ എത്ര പേർക്ക് ആകെ എത്ര തുകയുടെ സബ്സിഡിയാണ് ലഭിക്കേണ്ടത്; വ്യക്തമാക്കുമോ; | (ഇ) | ഇത്തരം ഒരു പരാതി ലഭിച്ചിട്ടുണ്ട്. മറ്റു വിവരങ്ങൾ ലഭ്യമല്ല. |
| (എഫ്) | ഡീസൽ, പെട്രോൾ, മണ്ണെണ്ണ, ഗ്യാസ് സിലിണ്ടർ എന്നിവയുടെ 'സംസ്ഥാന നികുതികൾ' പൂർണ്ണമായും ഒഴിവാക്കുന്ന കാര്യം ഭക്ഷ്യ /സിവിൽ സപ്ലൈസ് വകുപ്പ് പരിഗണിയ്ക്കുമോ; വിശദമാക്കുമോ; | (എഫ്) | നികുതി സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നത് നികുതി വകുപ്പാണ്. |
| (ജി) | സുപ്രീംകോടതിയുടെ അന്തിമതീരുമാനം വരുന്നതുവരെ ആധാർ അടിസ്ഥാനത്തിൽ ഗ്യാസ് നല്കൽ രീതി നിറുത്തിവയ്ക്കാൻ എന്തുനടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ജി) | പാചകവാതക കണക്ഷൻ ആധാർ കാർഡുമായി ബന്ധിപ്പിക്കുന്നതിനുള്ള കാലാവധി കേന്ദ്രസർക്കാർ 28.02.2014 വരെ നീട്ടിയിട്ടുണ്ട്. ഇതിനുള്ള സമയം ആറുമാസത്തേക്ക് കൂടി നീട്ടിനല്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ